ബാർകോഴ - വിജിലൻസ് അന്വേഷണം

239 (245) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ ഇടപാടിൽ ആരോപിതരായ മന്ത്രിമാരും നേതാക്കൻമാരും തങ്ങളുടെ പേര് വിവരങ്ങളും തെളിവുകളും പുറത്തു വരാതിരിക്കാൻ ബാറുടമകളിൽ ഒരു വിഭാഗത്തിൻമേൽ സമ്മർദ്ദം ചെലുത്തിയതായുള്ള റിപ്പോർട്ടുകൾ വിജിലൻസ് അന്വേഷണ സംഘം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാക്ഷികളെ സമ്മർദ്ദത്തിലാക്കാൻ ശ്രമിച്ചതായുള്ള പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അന്വേഷണ സംഘത്തിന് തെളിവുകളും മൊഴികളും നൽകാതിരുന്ന സാക്ഷികൾ ആരൊക്കെയാണെന്ന് വെളിവായിട്ടുണ്ടോ?

ഉത്തരം

(എ) അങ്ങനെ ഒരു റിപ്പോർട്ട് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അന്വേഷണ പരിധിയിലാണ്.

(ബി) അപ്രകാരമുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല.

(സി) അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അന്വേഷണം തീർന്നാൽ മാത്രമേ ഏതെങ്കിലും സാക്ഷി നോട്ടീസ് നൽകിയിട്ടും വരാതിരുന്നു എന്നു പറയുവാൻ സാധിക്കുകയുള്ളൂ.

ബാർകോഴ കേസ് അന്വേഷണം

240 (246) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തിന് ലഭിച്ച ബാറുടമകളുടെ സംസ്ഥാന നിർവ്വാഹക സമിതിയോഗത്തിന്റെ ശബ്ദരേഖയിൽ നിന്നും എന്തെല്ലാം തെളിവുകൾ വെളിവാക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) സാക്ഷികളായി ആരെയെല്ലാം ഇതിനകം വിജിലൻസ് സംഘം ചോദ്യം ചെയ്യുകയുണ്ടായി; നിർവ്വാഹക സമിതി യോഗത്തിൽ സംസാരിച്ച ആരെങ്കിലും, ബന്ധപ്പെട്ട ശബ്ദരേഖയിൽ പറയുന്നതിന് വിരുദ്ധമായി നിലപാട് സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly